അന്തകവള്ളികൾ - മാതൃഭൂമി - പുസ്തകക്കുറിപ്പ്

സേതുവിൻറെ ഏറ്റവും പുതിയ നോവൽ. പാണ്ഡവപുരത്തിൽ കഥാ ശരീരത്തിൽ നിന്ന് അഴിച്ചെടുക്കാനാവാത്ത വിധം കഥയായിത്തീർന്ന ദേശത്തെ അനുഭവിപ്പിച്ച സേതു അന്തകവള്ളികളിൽ ഒരു ദേശത്തെ കണ്ടെ ടുക്കുകയാണ്. അഥവാ ഒരു ദേശത്തിന്റെ വീണ്ടെടുപ്പിനെ പ്രമേയമാക്കു കയാണ്. പാരിസ്ഥിതികമായി കെട്ടു പോയ ഒരു നാടിന്റെ ഓർമ്മകളിലേക്ക് ക്ഷണിച്ചു കൊണ്ടാണ് അന്തകവള്ളികൾ ആരംഭിക്കുന്നത്. ആ കെട്ടുപോക ലിന്റെ ആഴത്തെ ധ്വനിപ്പിക്കുന്നതാണ് അന്തകവള്ളികൾ എന്ന അനേകം ധ്വനികളുള്ള വാക്ക്. നോവലിലേക്കുള്ള താക്കോൽവാക്കായി അത് മാറുന്നു.

നീര് വറ്റിയ മരങ്ങളും നിറഞ്ഞ, കായ്കനികളുടെ മണമേയില്ലാത്ത നാട്. അതങ്ങനെയായി മാറ്റിയതാണ്. കാവേരിയുടെ ഭയം നിറഞ്ഞ സ്വപ്നമായാണ് നോവലിൽ പിന്നീട് ദേശം രൂപപ്പെടുന്നത്. മുരുകൻ അത് പൂരിപ്പിക്കുന്നു. ചിത്രമായും കവിതയായും ഒരു ദേശസങ്കൽപം രൂപപ്പെടുകയാണ്. അവരുടെ ജീവിതത്തിലേക്ക് പല തരം സങ്കല്പങ്ങളോടെ പടി കയറി വന്ന മാമ ആ സ്വപ്നത്തിന്റെ അപൂർണ്ണതകളെ പല തരത്തിൽ കൂട്ടി യോജിപ്പിക്കുന്നുണ്ട്. ഭൂമിയെക്കുറിച്ചുള്ള മാമയുടെ സംഭാഷണങ്ങളിലും ഓർമ്മകളിലും ഗ്രൈറ്റ ഋൺബെറി നിറയുന്ന ഒരു സന്ദർഭം ഈ നോവലിലുണ്ട്. മനുഷ്യർ തങ്ങളുടെ ചെയ്തികളാൽ ദേശത്തെ കെടുത്തിക്കളയുന്നതിന്റെ, ദേശം ഉപേക്ഷി ക്കേണ്ടി വരുന്നതിന്റെ, അത്തരത്തിൽ ഉപേക്ഷിക്കപ്പെട്ട് ഉറുമ്പുകൾ മാത്രം ജീവിക്കുന്ന ഭയാനകതയായി ആ ദേശം മാറിത്തീരുന്നതിന്റെ ആഖ്യാന മായി ഈ നോവൽ മാറുന്നുണ്ട്.

മാമയിൽ നിന്ന് ഒരിക്കൽ ചിതറി വീണ ദുരഭിമാനക്കൊല എന്ന വാക്ക് മറ്റൊരു തലത്തിലേക്ക് കാവേരിയുടെയും മുരുകന്റെയും ദേശഭാവനയെ കൊണ്ടു പോകുന്നു. ദുരഭിമാനക്കൊല ചെയ്യപ്പെട്ട ദേശം എന്ന നടുക്കുന്ന അനുഭവം അന്തകവള്ളികളിലുണ്ട്. ചിത്രമായും സ്വപ്നമായും പറച്ചിലായും തെളിഞ്ഞു വരുന്ന ദേശചിത്രം റവന്യൂ രേഖകളിൽ പാർവ്വതീപുരമെന്ന് പേരുള്ള ഒരിടമാണ്. നോവൽ അവസാനിക്കുമ്പോൾ, തെളിനീരിനായി നിറഞ്ഞു ആ ദേശം മറ്റൊരു പേരിലേക്ക് മാറിത്തീരുകയാണ്. മനുഷ്യരാശി പ്രകൃതിക്ക് മേൽ സൃഷ്ടിക്കുന്ന കൊടും ദുരന്തങ്ങളിലേക്കാണ് നോവൽ വായനക്കാരുടെ ജാഗ്രതയെ ക്ഷണിക്കുന്നത്. കൊല ചെയ്യപ്പെട്ട ദേശം എന്ന പരികല്പനയെ ഈ നോവലിന്റെ സത്തയായി പരിഗണിക്കാം.

കെ.സി.സുബി